# പ്രബോധന വിജയം

**കെ. ഉമർ മൗലവി**

(സൽസബീൽ, 20 മെയ് 1999)

**ഒരു പുരുഷായുസ് മുഴുവൻ തൗഹീദ് പ്രചാരണത്തിനുവേണ്ടി ഉഴിഞ്ഞുവെക്കുകയും മൗദൂദി സത്തിന്റെ അപകടങ്ങൾ കേരളക്കാർക്ക് മാത്രമല്ല; അറബ് ലോകത്തെ പണ്ഡിതൻമാർക്ക് കൂടി വ്യക്തമാക്കിക്കൊടുക്കുന്നതിൽ വിജയം വരിക്കുകയും ചെയ്ത; ഇസ്ലാഹീ പ്രസ്ഥാനത്തിനകത്ത് വ്യതിയാന ലോബി തലപൊക്കിയപ്പോൾ തന്നെ അതിനെതിരിൽ മുന്നണിപ്പോരാളിയായി രംഗത്തുവരികയും ദൈവവിധിയാൽ ഈ 'ശുദ്ധീകരണ പ്രക്രിയ' പൂർത്തിയാവുംമുമ്പ് നമ്മോട് വിടപറയുകയും ചെയ്ത ഉമർ മൗലവി(റഹി) ഇസ്ലാമിക പ്രചാരണത്തിന്റെ പടവാളായി നിലകൊണ്ട സൽസബീലിലൂടെ വ്യതിയാനക്കാരെ (ഇന്നത്തെ മടവൂർ വിഭാഗം) ഉദ്ബോധിപ്പിക്കാൻ ശ്രമിച്ച ഒരു ലേഖനമാണ് നിങ്ങളുടെ മുമ്പിലുള്ളത്.**

മുഹമ്മദ് നബി(സ)ക്ക് ശേഷം പുതിയൊരു പ്രവാചകനെ അയക്കുന്നില്ലെന്നും, പരിശുദ്ധ ഖുർആനുശേഷം പുതിയൊരു വേദഗ്രന്ഥം അവതരിപ്പിക്കുന്നില്ലെന്നും അല്ലാഹു തീരുമാനിക്കുകയും, ഖുർആനും പ്രവാചകചര്യയും മുഖേന മതം അല്ലാഹുപൂർത്തിയാക്കുകയും ചെയ്തു- പ്രബോധന ബാദ്ധ്യത പണ്ഡിതൻമാരെ ഏല്പിക്കുകയും ചെയ്തു.

പുരാതനകാലം മുതല്ക്കേ ഓരോ പ്രവാചകന്റെ കാലം കഴിയുമ്പോൾ പ്രവാചകൻ പഠിപ്പിച്ചതിൽ പിശാച് പലേ പുതിയതും കൂട്ടിച്ചേർക്കുകയും സത്യവും അസത്യവും വേർതിരിച്ചറിയാൻ കഴിയാതെയാക്കുകയും അങ്ങനെ മനുഷ്യരെ വഴിപിഴപ്പിക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ പ്രവാചകൻ പഠിപ്പിച്ചതും പിശാച് കൂട്ടിച്ചേർത്തതും വേർതിരിച്ച് കാണിച്ച് ബോധവൽക്കരണം നടത്താൻ പണ്ഡിതൻമാരുടെ ബാദ്ധ്യതയായിത്തീർന്നു. ഇതാണ് നമുക്കിവിടെ നിർവ്വഹിക്കാൻ കഴിയുന്ന ജിഹാദും - തബ്ലീഗും.

പലേ മതങ്ങളും ഓരോന്നിലും പലേ പാർട്ടികളും മതവിരോധികളും സ്വൈരമായി, സ്വതന്ത്രമായി കഴിഞ്ഞുകൂടുന്ന നാടാണിത്. ഏത് ആദർശം സ്വീകരിക്കുവാനും ഇവിടെ സ്വാതന്ത്ര്യം ഉണ്ട്. ഈ ചുറ്റുപാടിൽ പ്രബോധനമാർഗത്തിൽ നാം കൈക്കൊള്ളേണ്ട നിലപാടിനെപ്പറ്റി സഗൗരവം ആഴത്തിൽ ചിന്തിക്കേണ്ടതാണ്. എന്റെ വളരെക്കാലത്തെ അനുഭവങ്ങളിൽ ദീർഘമായി ചിന്തിച്ച് ഏറ്റവും നല്ലതായും ദോഷരഹിതമായും ഗുണപ്രദമായും കണ്ടതിനെപ്പറ്റി ഞാൻ ഇവിടെ അവതരിപ്പിക്കുന്നു, പരിശോധിച്ച് ഫലം കണ്ടതുമായ മാർഗമാണത്.

പ്രവാചകൻമാരുടെ പ്രബോധന രീതിയെപ്പറ്റി പരിശോധിച്ചപ്പോൾ, സമൂഹം ഏറ്റവും വെറുക്കുകയും എതിർക്കുകയും ചെയ്യുന്ന വിഷയമാണ് അവർ ആദ്യം കൈകാര്യം ചെയ്തതെന്ന് കാണാം. സ്രഷ്ടാവിനെമാത്രം ആരാധിക്കണം. യാതൊരു

സൃഷ്ടിയെയും ആരാധിക്കുവാൻ ഒരിക്കലും പാടില്ല എന്നതിലാണ് സമൂഹത്തിൻെറ കഠിനമായ എതിർപ്പുണ്ടായിരുന്നത്. അതിനെപ്പറ്റിയാണ് പ്രവാചകൻമാർ ആദ്യം പറഞ്ഞത്. കാരണം:- നല്ല കാര്യങ്ങളെപ്പറ്റി വളരെയധികം പറയാനുണ്ട്. ചീത്തകാര്യങ്ങളെപ്പറ്റിയും അതെ. അതൊക്കെ ഇതിനുശേഷം മതി. എല്ലാ പുണ്യകർമ്മങ്ങളും കൈക്കൊള്ളുകയും പാപകർമ്മങ്ങളെല്ലാം ഉപേക്ഷിക്കുകയും ചെയ്താൽ തൗഹീദുണ്ടെങ്കിൽ മാത്രമേ പ്രയോജനമുള്ളൂ. അതുപോലെ എല്ലാ ദുഷ്ക്കർമ്മങ്ങളും നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നവൻ തൗഹീദ് മനസിലാക്കി കലിമ ചൊല്ലിയിട്ട് തൽക്ഷണം മരണപ്പെട്ടാൽ പരലോകത്ത് അവന് സ്വർഗം ലഭിക്കുമെന്ന് തീർച്ച. തൗഹീദിൻെറ മഹത്വവും ശ്രേഷ്ഠതയും വളരെ പ്രധാനമാണ്. അതിനെ ചെറുതായി കാണൽ പ്രവാചകൻമാരുടെ മാർഗത്തിൽ നിന്ന് വ്യത്യസ്തമാണ്. ആതുരശുശ്രൂഷ, ജീവകാരുണ്യം, വൃക്ഷം നട്ടുപിടിപ്പിക്കൽ മുതലായ കാര്യങ്ങൾ തൗഹീദില്ലെങ്കിൽ നിഷ്ഫലം.

അതിനാൽ ആയിരക്കണക്കിന് ദൈവങ്ങളെ ആരാധിക്കപ്പെടുന്ന ഈ നാട്ടിൽ തൗഹീദ് വിഷയം തന്നെയാണ് ആദ്യം പറയേണ്ടത്. പ്രബോധന വിജയത്തിന് വേണ്ടി രീതിയിൽ മാറ്റം വരുത്തണമെന്ന് പറയൽ നേർമാർഗത്തിൽ നിന്നുള്ള വ്യതിയാനമാണ്.

വ്യത്യസ്താഭിപ്രായക്കാരുമായുള്ള സമീപനം എങ്ങിനെയെന്നു കാര്യമായി ആലോചിക്കേണ്ടതാണ്. ഈ നാട്ടിൻെറ സ്ഥിതിക്കനുസരിച്ച് ഓരോരുത്തരും പ്രതിപക്ഷങ്ങൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിച്ചേ പറ്റൂ. സ്വന്തത്തെപറ്റിയോ മറ്റുള്ളവരെ പറ്റിയോ പറയുന്നതിൽ സത്യനിഷ്ഠയും നീതിബോധവും പുലർത്തുകതന്നെ വേണം. മറുകക്ഷിയെ തേജോവധം ചെയ്യുവാൻ വേണ്ടി അവരുടെമേൽ പലേ ഇല്ലാത്തതും കെട്ടിവെച്ച് കളവ് പറയുന്ന സ്വഭാവം കാണുന്നുണ്ട് അതൊഴിവാക്കുകതന്നെവേണം. ഓരോരുത്തരും തനിക്കിഷ്ഠമില്ലാത്ത ആദർശം അപരൻസ്വീകരിച്ചാൽ ആകാരണത്താൽ അവനെ വെറുക്കുകയോ അകറ്റുകയോ ശത്രുവായി കണക്കാക്കുകയോ അരുത്. മുഖത്ത് നോക്കി കാര്യം തുറന്ന് പറയണം. ഒരേ ആദർശത്തിൽ യോജിച്ച് നിന്നിരുന്നകൂട്ടത്തിൽ ഒരാൾ വ്യത്യസ്ഥ ആദർശം അഭികാമ്യമായി തോന്നുന്ന പക്ഷം പിശുക്കൻമാർക്ക് നിധികിട്ടിയതു പോലെ ചെയ്യരുത്. നാം ഇതുവരെ യോജിച്ച് സ്വീകരിച്ചു പോന്ന ആദർശം ശരിയല്ലെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. കാരണങ്ങൾ ഇന്നിന്നതാണ്. നിങ്ങൾക്ക് സമ്മതമാണെങ്കിൽ എൻെറ കൂടെവരിക എന്നൊക്കെ കൂട്ടുകാരോട് പറഞ്ഞിട്ടേ വേറിട്ട് പോകാൻ പാടുള്ളൂ. ഒന്നും മിണ്ടാതെ പിരിഞ്ഞുപോയി പഴയ നിലപാടിനെ എതിർക്കുമ്പോൾ ആ പഴയ കൂട്ടുകാർക്ക് മനോവേദനയുണ്ടാകും. അതൊരിക്കലും ചെയ്യരുത്.

എൻെറ ഒരു കൂട്ടുകാരൻ, എന്നിൽ നിന്ന് ആദർശം പഠിച്ചവൻ എന്നോടൊന്നും പറയാതെ മതനിഷേധിയായി മാറി, എനിക്ക് വലിയ വ്യസനമുണ്ടായി. അയാളോട് ഞാൻ പറഞ്ഞു. നിങ്ങൾ ചെയ്തത് ശരിയായില്ല. നമ്മുടെ കൂട്ടത്തിൽ നിന്ന് നിങ്ങളുടെ മനസ് മാറിയപ്പോൾ ആ കാര്യം നമ്മളോടൊന്ന് പറയേണ്ടതായിരുന്നു. കുടുംബബന്ധത്തിലോ സ്നേഹബന്ധത്തിലോ ഒരു വീട്ടിൽ നാം പോയാൽ, അവിടെ നിന്നിറങ്ങിപ്പോരുമ്പോൾ വീട്ടുകാരോടു പറയൽ ഒരു മര്യാദയാണല്ലോ. മാനുഷിക പെരുമാറ്റ ചട്ടങ്ങളിൽപെട്ടതാണല്ലോ, ആ മര്യാദ നിങ്ങൾ പാലിച്ചില്ല. അതൊരിക്കലും ശരിയല്ല. ഈ പുതിയ ആദർശമാണ് നിങ്ങളെ ഇങ്ങനെ മര്യാദ ഇല്ലാത്തവനാക്കിയത്. നിങ്ങളുടെ ഈ പുതിയ ആദർശം നല്ലതല്ല എന്നുള്ളതിന് ഇത് തന്നെ തെളിവാണ്. എന്തെങ്കിലുമാവട്ടെ, ഇതു നമ്മൾ സഹിക്കാം. നാം തമ്മിൽ വിട്ടുപിരിയുന്നതെനിക്കസഹ്യമാണ്. യോജിച്ചുകഴിയണമെന്ന് ഞാനാഗ്രഹിക്കുന്നു. യോജിപ്പിനുവേണ്ടി ഏതു വിട്ടുവീഴ്ചക്കും

ഞാനൊരുക്കമാണ്. നിങ്ങൾക്ക് ലഭിച്ച പുതിയ വെളിച്ചം എനിക്കൊന്നു ബോദ്ധ്യപ്പെടുത്തി തരിക. ഞാൻ നിങ്ങളോടൊപ്പം വരാം എന്ന് ഞാൻ പറഞ്ഞു. അതിനയാൾ തയ്യാറായില്ല. അതു ശരിയല്ലെന്ന് ഞാൻ വളരെ പറഞ്ഞു നോക്കി. നാം തമ്മിലുള്ള ബന്ധം മുറിയാൻ ഞാനിഷ്ടപ്പെടുന്നില്ല. രണ്ടുകൂട്ടർക്കും ഈ ബന്ധം നിലനിൽക്കേണ്ട ആവശ്യം നേരിടും. എന്തു പറഞ്ഞിട്ടും ഫലമുണ്ടായില്ല. അപ്പോൾ സൽസബീലിലേക്ക് ലേഖനം തരാൻ ഞാനാവശ്യപ്പെട്ടു. ഒരക്ഷരം മാറ്റാതെ പ്രസിദ്ധീകരിക്കും. അതിൻെറ മറുപടി കൂടെയുണ്ടാകും. രണ്ടും വായിച്ചിട്ട് നീതി ബോധമുള്ളവൻ വിധിപറയട്ടെ. ഞാൻ വളരെയൊക്കെ പറഞ്ഞിട്ടും അയാൾ സ്വീകരിച്ചില്ല. അയാളുമായി വിട്ടുപിരിയാനിഷ്ടമില്ലാത്തതുകൊണ്ട് ഞാൻ നിർബന്ധിച്ചപ്പോൾ ഒരു ലേഖനം എഴുതി അയച്ചിട്ട്........... മാസ്റ്ററെ കാണിച്ച് തിരുത്തി വാങ്ങി പ്രസിദ്ധീകരിക്കാനാവശ്യപ്പെട്ടു. അപ്പോൾ അയാളുടെ ഹൃദയം ആ മാസ്റ്റർക്ക് പണയം വെച്ചിരിക്കുകയാണെന്ന് മനസിലായി. അങ്ങനെയാണെങ്കിൽ ഇയാൾ രക്ഷപ്പെടുകയില്ലെന്നു എനിക്ക് ബോധ്യപ്പെട്ടു. സ്വതന്ത്രമായി നിഷ്പക്ഷമായി ചിന്തിച്ച് ബോധ്യപ്പെടുന്ന പരമാർത്ഥം സമ്മതിച്ചുകൊടുക്കാൻ ഒരുക്കമില്ല. മാസ്റ്റർ അംഗീകരിച്ചതേ സ്വീകരിക്കുകയുള്ളൂ എന്ന നിലപാടാണിവിടെ വ്യക്തമായത്. അങ്ങനെയുള്ളവൻ നേരെയാവാൻ പ്രയാസമാണ്. മഹാതെറ്റായ മാർഗത്തിൽ നേതാവിനെ അന്ധമായി പിന്തുടർന്നവർ ശരിയായ മാർഗത്തിൽ ആ നേതാവിനെ തള്ളിപ്പറഞ്ഞത് നാം ധാരാളം കണ്ടതാണ്.

കക്ഷികളുമായുള്ള സമീപനത്തിൽ ഓരോ കക്ഷിയും മറുകക്ഷിയെ തേജോവധം ചെയ്യണമെന്ന ദുഷ്ടവിചാരം ഒഴിവാക്കി സത്യവും, ന്യായവും ആര് പറഞ്ഞാലും സ്വീകരിക്കാമെന്ന നില കൈകൊള്ളുന്ന പക്ഷം സംഘർശം ഒഴിവാകുമെന്ന് തീർച്ച. യുക്തിവാദി സംഘത്തിൻെറ മഹാനേതാവും യുക്തിവാദി പത്രത്തിൻെറ എഡിറ്ററുമായിരുന്ന എം.സി ജോസഫുമായി ഞാനൊന്നിടപെട്ടു. പ്രപഞ്ചം സ്വയംഭൂവല്ല സ്രഷ്ടാവും നിയന്താവും ഉണ്ട് എന്ന് സ്ഥാപിച്ചുകൊണ്ട് എൻെറ സ്നേഹിതൻ ആർ.എ. ഹംസ മാസ്റ്ററിൽ നിന്ന് ഒരു ലേഖനം എഴുതി വാങ്ങി എം.സി ജോസഫിനയച്ചു കൊടുത്തിട്ട് മറുപടി എഴുതാനാവശ്യപ്പെട്ടു. അദ്ദേഹം മറുപടി എഴുതിഅയച്ചു. പ്രപഞ്ചം സ്വയംഭൂവാണ്. സ്രഷ്ടാവില്ല എന്ന് വാദിച്ച് എം.സി ജോസഫ് മറുപടി എഴുതി അയച്ചു. അതിന് മറുപടി ബഹുമാന്യ സുഹൃത്ത് ഡോ: എം. ഉസ്മാൻ സാഹിബ്(റ)നെകൊണ്ട് എഴുതിപ്പിച്ചു. അതിന് മറുപടി എഴുതാൻ എം.സി. ജോസഫിനോട് വീണ്ടും ആവശ്യപ്പെട്ടു. അദ്ദേഹം ധൈര്യപ്പെട്ടില്ല. ഞങ്ങൾ തമ്മിൽ വലിയ സ്നേഹത്തിലായി അദ്ദേഹത്തെ ഞാൻ ഇസ്ലാം ദീനിലേക്ക് ക്ഷണിച്ചു.

ഇരുപത്തഞ്ച് കൊല്ലം മുമ്പ് ആലപ്പുഴയിൽ ഒരു നബിദിന യോഗത്തിൽ പ്രസംഗിക്കാൻ എന്നെ ക്ഷണിച്ചു. ഞാൻ പോയി നബിദിനം കൊണ്ടാടുന്നതിനെതിരു പ്രസംഗിച്ചു. അനന്തരം പത്തുദിവസം വഅ്ള് പറയാൻ അവരെന്നെ ക്ഷണിച്ചു. പ്രസിഡൻറ് ഡോക്ടർ ഹബീബ് അന്നു കടുംപിടുത്തമില്ലാത്ത ഒരു സുന്നിയായിരുന്നു. ഒരു ദിവസം സുന്നി മുസ്ലിയാക്കൾ വന്ന് "ഖണ്ഡനപ്രസംഗം അനുവദിക്കുമോ" എന്ന് ചോദിച്ചു. വിരോധമില്ല. നിങ്ങളുടെ പ്രസംഗം കേട്ടിട്ട് മറുപടി പറയണമെന്ന് എനിക്ക് തോന്നുന്നപക്ഷം അത് കേട്ടിട്ടേ നിങ്ങൾ പിരിഞ്ഞുപോകാവൂ എന്ന ഉപാധിയോടെ സമ്മതിക്കാം എന്ന് ഞാൻ പറഞ്ഞു. അത് സമ്മതിക്കാനവർക്കാദ്യം മടിയുണ്ടായിരുന്നെങ്കിലും അവസാനം സമ്മതിച്ചു. ഒരു മുസ്ലിയാർ വളരെ ഗംഭീരമായി പ്രസംഗിച്ചു. ഞാൻ മറുപടി പറഞ്ഞു ജനങ്ങൾ രണ്ടുഭാഗവും ശ്രദ്ധിച്ചുകേട്ട് നിഷ്പക്ഷമായി ചിന്തിച്ചു വളരെ എളുപ്പത്തിൽ

ധാരാളംപേർ സലഫി ആദർശം സ്വീകരിച്ചു. ഇസ്‌ലാഹീ പ്രസ്ഥാനം ആലപ്പുഴയിൽ വികസിച്ചു. ടൗണിൻെറ പല ഭാഗങ്ങളിലും കെ.എൻ.എം യൂണിറ്റുകളുണ്ടായി. പള്ളികളും മദ്രസകളും ഉണ്ടായി.

ഇങ്ങനെ സമാധാനത്തിൻെറ മാർഗത്തിൽ പ്രതിപക്ഷങ്ങളെ നേരിടുകയാണെങ്കിൽ സത്യം വിജയിക്കുകയും വികസിക്കുകയും ചെയ്യും.

മഞ്ചേരിയിൽ മർകസുൽ ബിശാറ പ്രവർത്തനം തുടങ്ങിയപ്പോൾ ചില സാമൂഹിക പ്രവർത്തകർ മഞ്ചേരി സെൻട്രൽ ജുമാമസ്ജിദിൽ ഒരു യോഗം വിളിച്ചുകൂട്ടി. മതരംഗത്ത് പ്രവർത്തിക്കുന്ന പലരേയും യോഗത്തിലേക്ക് ക്ഷണിച്ചു. ഞാനും ക്ഷണിക്കപ്പെട്ടു. നാമെന്ത് വേണമെന്നുള്ള ആലോചനയായിരുന്നു വിഷയം. പലരും പല അഭിപ്രായങ്ങളും പറഞ്ഞു. ഞാനും സംസാരിച്ചു. മർകസുൽ ബിശാറക്കാർ മുസ്‌ലിം കുടുംബത്തിൽ ജനിച്ചു-മുസ്‌ലിം സ്ഥാപനത്തിൽ പഠിച്ചുവളർന്നവരാണല്ലോ. അവസാനം അവർ ഇസ്‌ലാം മതം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിച്ച് മുസ്‌ലിംകളെ ക്രിസ്തുമതത്തിലേക്ക് ക്ഷണിക്കുന്ന കേന്ദ്രത്തിൽ പ്രവർത്തിക്കുകയാണല്ലോ. ഇസ്‌ലാം മതത്തിൽ അവർ എന്തോ ചിലദോഷങ്ങളും ക്രിസ്തുമതത്തിൽ ഗുണങ്ങളും കണ്ടിരിക്കുമെന്ന് തീർച്ച. അതുകൊണ്ട് ആ വിഷയം വിശദീകരിച്ചു പ്രസംഗിക്കാൻ മർകസുൽ ബിശാറക്കാരെ ക്ഷണിച്ച് സഭാഹാളിൽ ഒരു യോഗം നടത്തുക. അവരിഷ്ടംപോലെ പ്രസംഗിക്കട്ടെ. നമ്മൾ മറുപടി പറയുന്നത് അവർ കേൾക്കട്ടെ. പിന്നെ ഇന്നത്തെ ക്രിസ്തുമതത്തെപ്പറ്റി നമ്മളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി പറയാനവരോടാവശ്യപ്പെടുകയും ചെയ്യുക. ഇങ്ങനെ ഒരു സൗഹാർദ്ദയോഗം മഞ്ചേരി സഭാഹാളിൽ ഏർപ്പെടുത്തുവാൻ ഞാനഭിപ്രായപ്പെട്ടു. എല്ലാവരും ഈ അഭിപ്രായം തള്ളിക്കളഞ്ഞു. മതരംഗത്ത് എൻെറ സഹപ്രവർത്തകരായ മുജാഹിദുകൾകൂടി ഇതിന് തയ്യാറായില്ല. അവസാനം ഞാൻ ബഹുമാന്യ സുഹൃത്ത് മർഹൂം എം.കെ. ഹാജി(റ)യുടെ സഹായത്തിൽ തിരൂരങ്ങാടി ഓറിയൻറൽ ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ മേൽപ്രകാരം ബിശാറക്കാരെ ക്ഷണിച്ചുകൊണ്ട് വമ്പിച്ച യോഗം നടത്തി. ബിശാറക്കാരാരും വന്നില്ല. അവരുടെ സാർണ്ണം മാറ്റുനോക്കുന്നേടത്ത് കാണിക്കാൻ പറ്റുകയില്ലെന്നു അവർക്കറിയാം. സത്യം തിളങ്ങി അസത്യം ഒതുങ്ങി.

നാനാതരക്കാരായ കക്ഷികൾ സ്വൈരവിഹാരം നടത്തുന്ന ഈ നാട്ടിൽ ശാന്തിയും സമാധാനവും വിളയാടുവാനും സത്യം വിജയിക്കുവാനും വേറെ യാതൊരു മാർഗവുമില്ല.

ലോകം നരകത്തിൻെറ നടുവിലേക്ക് മത്സരിച്ചോടിക്കൊണ്ടിരിക്കുന്നു. ഇറാൻ പ്രസിഡൻറ് ഫാത്വിമാ ബീവിയുടെ ഖബറിൽ സുജൂദ് ചെയ്തപ്പോൾ ആ വിഷയത്തെപ്പറ്റി ഒന്നും പറയേണ്ട എന്ന് തീരുമാനിക്കപ്പെട്ടതും തുർക്കി പാർലമെൻറിലേക്ക് ഒരു മുസ്‌ലിം വനിതാ പ്രതിനിധി തലമറച്ചുകൊണ്ട് ചെന്നപ്പോൾ പ്രവേശനം തടഞ്ഞതും ഈ അടുത്തകാലത്താണ്. മുസ്‌ലിംകൾ എന്ന് പറയുന്നവർ ഇസ്‌ലാമിനെ എതിർക്കുന്ന ഈ കാലത്ത് ആ പഴയ ഇസ്‌ലാമിനെ ഉയർത്തിപ്പിടിക്കുവാൻ ഈ മുജാഹിദുകളല്ലാതെ വേറാരുണ്ട്? റബ്ബ് അല്ലാഹു മാത്രമാണ് എന്നൊക്കെപ്പറഞ്ഞിട്ടെന്തുകാര്യം. തൗഹീദിൻെറ തത്വത്തിൽ ആരാധന അല്ലാഹുവിന് മാത്രമെന്ന വിഷയംപോലും ശബാബ് വാരികയിൽ അവഗണിക്കപ്പെട്ടതിനേക്കാൾ വ്യസനകരമായി എന്തുണ്ട്? ഇന്നാലില്ലാഹിവഇന്നാ ഇലൈഹി റാജിഊൻ.